**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **04.02.2019-ൽ മറുപടിക്ക്**

**ചോദ്യം നം. 1465**

**കായംകുളം മത്സ്യബന്ധന തുറമുഖം**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കായംകുളം മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട ബ്രേക്ക് വാട്ടർ സംവിധാനത്തിന്റെ ഭാഗമായ പുലിമുട്ട് തകർന്നതിനാൽ സിഗ്നൽ സംവിധാനം തകരാറിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ സിഗ്നൽ സ്ഥാപിക്കുന്നതിനും തകർന്ന പുലിമുട്ട് പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (എ) | ബ്രേക്ക് വാട്ടറിന്റെ അഗ്രഭാഗം തകർന്നിട്ടുള്ളതിനാൽ അറ്റകുറ്റപ്പണികൾ നടത്തി പുലിമുട്ട് പുനഃസ്ഥാപിക്കുന്നതിനായി 8.44 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്.<br>തകർന്ന പുലിമുട്ടിനു മുന്നിലായി ബോയ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സ്മെന്റിന്റെ നിരീക്ഷണവും ഉണ്ട്.<br>ഫിഷിംഗ് ഹാർബറിൽ പ്രകാശം ലഭിക്കുന്നതിനാവശ്യമായ ഇലക്ട്രിക് ലൈറ്റുകൾ നിലവിൽ സ്ഥാപിച്ചിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴിമുഖത്ത് പ്രകാശം ലഭിക്കുന്നതിനായി വലിയഴീക്കൽ പുലിമുട്ടിൽ സിഗ്നൽ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്.<br>അഴീക്കൽ പൊഴിമുഖത്ത് സിഗ്നൽ ലൈറ്റ് തകർന്ന് വീണതിനാൽ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബറിനുള്ളിൽ പ്രവേശിക്കുന്നതിനായി നിലവിൽ പുലിമുട്ടിന്റെ അഗ്രഭാഗത്ത് ബോയ സ്ഥാപിച്ചിട്ടുണ്ട്. സോളാർ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്കായി 30.01.2019 അവസാന തീയതിയായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2016-നു ശേഷം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | |

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | അഴീക്കൽ ഓഫീസിന്റെ റൂഫ് ട്രസ്സ് നിർമ്മാണം | 10.00 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 2 | അഴീക്കലിലെ ഡ്യൂപ്ലക്സ് ഷോപ്പിന്റെ മെയിന്റനൻസ് | 4.86 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | കായംകുളം അഴീക്കൽ ടെമ്പററി ഷെഡിന്റെ മുൻവശത്ത് കോൺക്രീറ്റ് യാർഡിന്റെ നിർമ്മാണം | 8.10 | 98% പ്രവൃത്തി പൂർത്തീകരിച്ചു 30/01/19-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 4 | കായംകുളം ഫിഷിംഗ് ഹാർബർ രണ്ടാമത്തെ താൽക്കാലിക ഷെഡ് നിർമ്മാണം | 10.9 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | അഴീക്കലിലെ ഐറിഷ് ഡ്രെയിൻ നിർമ്മാണം | 2.90 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | അഴീക്കലിലെ ഡ്രെയിൻ ക്ലീനിംഗ് | 1.30 | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | അഴീക്കലിലെ ഗേറ്റ് ആന്റ് ഗേറ്റ് ഹൗസ് ബിൽഡിംഗിന്റെ റിപ്പയർ | 4.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | അഴീക്കലിലെ ടോയ്‌ലറ്റ് ബ്ലോക്കിന്റെ മെയിന്റനൻസ് | 1.70 | പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | അഴീക്കലിലെ നിലവിലുള്ള ലേലപ്പുരയുടെ മെയിന്റനൻസ് | 13.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 10 | അഴീക്കലിലെ താൽക്കാലിക ജെട്ടിയുടെ മെയിന്റനൻസ് | 7.80 | പ്രവൃത്തി പൂർത്തീകരിച്ചു |
| 11 | വലിയഴീക്കൽ ഹാർബർ ബേസിനിൽ നിന്നും മരക്കുറ്റികൾ നീക്കം ചെയ്യുന്ന പ്രവൃത്തി | 7.30 | കരാറിൽ ഏർപ്പെട്ടു |
| 12 | കായംകുളം ഫിഷിംഗ് ഹാർബറിലേക്ക് പ്രവേശിക്കുന്ന യാനങ്ങൾക്ക് സിഗ്നൽ നൽകുന്നതിനു വേണ്ടി ബോയ സ്ഥാപിക്കുന്ന പ്രവൃത്തി | 0.70 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | | | |
|---|---|---|---|---|---|---|
| | | | 13 | അഴീക്കൽ ഹാർബറിന്റെ സതേൺ ബ്രേക്ക് വാട്ടറിൽ ഗൈഡ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 0.60 | 30.01.2019 അവസാന തീയതിയായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാക്കി ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| | | | 14 | കായംകുളം ഫിഷിംഗ് ഹാർബറിലെ ഷെഡിന്റെ റിപ്പയർ ആന്റ് മെയിന്റനൻസ് | 2.30 | 90% പ്രവൃത്തി പൂർത്തീകരിച്ചു. |
| | | | 15 | കായംകുളം അഴീക്കൽ ഹാർബറിലെ സൈക്കിൾ ഷെഡിന്റെ റുട്ടീൻ മെയിന്റനൻസ് | 3.60 | പ്രവൃത്തി പുരോഗമിക്കുന്നു |
| | | | 16 | കായംകുളം അഴീക്കൽ ഹാർബറിലെ ഇന്റേണൽ റോഡിന്റെ മെയിന്റനൻസ് | 13.80 | 90% പ്രവൃത്തി പൂർത്തീകരിച്ചു. 02/02/19-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| | | | 17 | കായംകുളം അഴീക്കൽ ഹാർബറിലെ 40 ടൺ ഐസ് പ്ലാന്റിന്റെ പ്ലാറ്റ് ഫോം ഉയർത്തുന്ന പ്രവൃത്തി | 12.0 | 90% പ്രവൃത്തി പൂർത്തീകരിച്ചു. 28/02/19-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| | | | 18 | വലിയഴീക്കൽ ഓഫീസ് ബിൽഡിംഗിന്റെ മെയിന്റനൻസ് | 10.20 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |
| | | | 19 | കായംകുളം അഴീക്കൽ 40 ടൺ ഐസ് പ്ലാന്റിന്റെ ജനറേറ്റർ, ട്രാൻസ് ഫോർമർ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ടെമ്പററി ഷെഡിന്റെ നിർമ്മാണം | 269.50 | 45% പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 20 | അഴീക്കൽ(കായംകുളം) മത്സ്യബന്ധന തുറമുഖത്തിന്റെ 30 ടൺ, ബ്ലോക്ക് ഐസ് പ്ലാന്റ്, 10 ടൺ ഐസ് സ്റ്റോർ റൂം, 10 ടൺ ചിൽഡ് റൂം എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി | 269.50 | സിവിൽ പ്രവൃത്തി പൂർത്തിയായി. ഇലക്ട്രിക്കൽ പ്രവൃത്തി നടന്നുവരുന്നു. |
| 21 | വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിലെ അഡീഷണൽ ഡ്രഡ്ജിംഗ് | 50.00 | പ്രവൃത്തി 40% പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നു. |
| 22 | മെയിന്റനൻസ് ഡ്രഡ്ജിംഗ് - കായംകുളം ഫിഷിംഗ് ഹാർബർ | 130.00 | ദർഘാസ് അംഗീകാരത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |
| 23 | അഴീക്കൽ ഹാർബർ ഏരിയയിലെ മണ്ണ് ഐ.ആർ.ഇ.എൽ മുഖേന ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തി | | കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ് ഏറ്റവും അവസാനമായി നീക്കം ചെയ്തത് എന്നാണെന്ന് വ്യക്തമാക്കുമോ; നിലവിൽ ഡ്രഡ്ജ് ചെയ്യേണ്ട സാഹചര്യമുണ്ടോ; വിശദീകരിക്കുമോ? | (സി) | അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ് ഏറ്റവും അവസാനമായി നീക്കം ചെയ്തത് 08.08.2013 ലാണ്. നിലവിൽ അഴിമുഖത്ത് ഡ്രഡ്ജ് ചെയ്യേണ്ട സാഹചര്യമുള്ളതിനാൽ ഐ.ആർ.ഇ.എൽ മുഖേന ഡ്രഡ്ജ് ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**